**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5431          01.07.2019-ലെ മറുപടിയ്ക്ക്

## ഭിന്നശേഷി കായികതാരം ശ്രീജിഷ്ണക്ക് ജോലി നൽകുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | 2011 മുതൽ തുടർച്ചയായി നാഷണൽ ഗെയിംസിലും 2015-ൽ തായവാനിൽ നടന്ന ഏഷ്യാ പസഫിക് സ്പെഷ്യൽ ഒളിംപിക്സിലും 2016-ൽ ബൾഗേറിയയിൽ നടന്ന വേൾഡ് ഡെഫ് ഒളിംപിക്സിലും പങ്കെടുത്ത് സ്വർണ്ണം ഉൾപ്പെടെയുള്ള നിരവധി മെഡലുകൾ കരസ്ഥമാക്കിയ തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പെരുവല്ലൂർ കളാശ്ശേരി വീട്ടിൽ ശ്രീജിഷ്ണ എന്ന ഭിന്നശേഷിയുള്ള കായികതാരത്തിന് സർക്കാരിൽ നിന്നും സ്പോർട്സ് കൗൺസിലിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കുമാരി ശ്രീജിഷ്ണയുടെ കായിക നേട്ടങ്ങൾ പരിഗണിച്ച് കായിക വികസന നിധിയിൽ നിന്നും ഒരു ലക്ഷം രൂപയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 10,000/-രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ കായികതാരത്തിന് സർക്കാർ ജോലി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യം സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിൻമേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായി പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ സർക്കാരിന്റെ സ്പോർട്സ് ക്വാട്ട പദ്ധതിയിൽ ഉൾപ്പെടുത്തി വർഷംതോറും 2 ഒഴിവുകൾ ഭിന്നശേഷിക്കാരായ കായികതാരങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**